Draft #3 of File ACAIV/2/MBA (RELAXATION IN REGULATION-2017 ADMISSION)/2019 Approved by ASSISTANT REGISTRAR II (ACADEMIC) on 19-Aug-2019 12:05 PM - Page 1

**മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം**

**സംഗ്രഹം**

മഹാത്മാഗാന്ധി സർവ്വകലാശാല - എം.ബി.എ ഡിഗ്രി കോഴ്സ് -2017 അഡ്മിഷൻ - ഓർഗനൈസേഷണൽ സ്റ്റഡി ചെയ്യുന്നതിനുള്ള റെഗുലേഷൻ വ്യവസ്ഥയിൽ ഭേദഗതി വരുത്തുന്നതിനുള്ള ശുപാർശ - അംഗീകരിച്ച് -ഉത്തരവാകുന്നു .

---

**അക്കാദമിക് എ 4 സെക്ഷൻ**

നമ്പർ. 4016/AC A 4/2019/എം.ജി.യു　　　　　പ്രിയദർശിനി ഹിൽസ്,തീയതി: 20.08.2019

---

പരാമർശം:-1 .14/013/2019-ൽ മാക്ഫെസ്റ്റ് കോളേജ് പ്രിൻസിപ്പാൾ അയച്ച ഇ-മെയിൽ സന്ദേശം

2. ഡീൻ ,ഫാക്കൽറ്റി ഓഫ് മാനേജ്മെൻറ് സയൻസസ് 5 .4 .2019 ൽ സമർപ്പിച്ച അഭിപ്രായ കുറിപ്പ്

3 .02/08/2019-ൽ നടന്ന അക്കാദമിക് കൗൺസിൽ സ്റ്റാൻഡിങ് കമ്മിറ്റിയുടെ യോഗ നടപടി കുറിപ്പ് ഇനം നമ്പർ -06/AC AIV/2/MBA/2019

**ഉത്തരവ്**

മഹാത്മാഗാന്ധി സർവ്വകലാശാലയുടെ കീഴിലുള്ള അഫിലിയേറ്റഡ് കോളേജുകളിൽ നടത്തുന്ന എം.ബി.എ ഡിഗ്രി കോഴ്സിന്റെ 2017 അഡ്മിഷൻ മുതലുള്ള റെഗുലേഷൻ വ്യവസ്ഥ പ്രകാരം ഒന്നാം വർഷത്തിലുള്ള ഓർഗനൈസേഷണൽ സ്റ്റഡി 'Securities and Exchange Board of India -SEBI' പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുള്ള കമ്പനികളിൽ മാത്രമേ ചെയ്യുവാൻ പാടുള്ളുവെന്നും , അത്തരം കമ്പനികളിൽ ഒരു കോളേജിൽ നിന്നും ഒരു വിദ്യാർത്ഥി മാത്രമേ ഒരു അക്കാദമിക് വർഷത്തിൽ ചേരാൻ പാടുള്ളുവെന്നും വ്യക്തമാക്കിയിട്ടുണ്ട് . ടി റെഗുലേഷൻ വ്യവസ്ഥ വിദ്യാർത്ഥികൾക്ക് വളരെ അധികം ബുദ്ധിമുട്ടുണ്ടാക്കുന്നതായും , ആയതിനാൽ ടി വ്യവസ്ഥയിൽ ഇളവ് വരുത്തണമെന്നും ആവശ്യപ്പെട്ട് പരാമർശം 1 പ്രകാരം മാക്ഫെസ്റ്റ് കോളേജ് പ്രിൻസിപ്പാൾ അപേക്ഷ സമർപ്പിച്ചിരുന്നു .

ഇക്കാര്യം പരിശോധിച്ച ബഹു.വൈസ് ചാൻസിലറുടെ ചുമതല വഹിക്കുന്ന പ്രൊഫസർ, ടി വിഷയത്തിന്മേൽ ഡീൻ , ഫാക്കൽറ്റി ഓഫ് മാനേജ്മെന്റിന്റെ വിദഗ്ധാഭിപ്രായം തേടാൻ ഉത്തരവാകുകയും , പരാമർശം 2 പ്രകാരം ഡീൻ, ഫാക്കൽറ്റി ഓഫ് മാനേജ്മെന്റ് ലഭ്യമാക്കിയ മറുപടിയിൽ ടി വിഷയം 22/03/2019 -ൽ ചേർന്ന ബിസിനസ്സ് മാനേജ്മെന്റിന്റെ എക്സ്പെർട്ട് കമ്മിറ്റിയിൽ റിപ്പോർട്ട് ചെയ്തിരുന്നതാണെന്നും , അതിൽ എം.ബിഎ റെഗുലേഷനിലെ clause 2.3 മാറ്റം വരുത്തുവാൻ ശുപാർശ ചെയ്തിട്ടുള്ളതാണെന്നും വ്യക്തമാക്കുകയുണ്ടായി .

ഇക്കാര്യം പരിശോധിച്ച ബഹു വൈസ് ചാൻസിലർ (ഇൻ ചാർജ് ) എം.ബി.എ കോഴ്സ് റെഗുലേഷനുമായി ബന്ധപ്പെട്ട ടി വിഷയം അക്കാദമിക് കൗൺസിലിന്റെ പരിഗണനയ്ക്ക് സമർപ്പിക്കുവാൻ ഉത്തരവായി.

02/08/2019-ൽ ചേർന്ന അക്കാദമിക് കൗൺസിൽ സ്റ്റാന്റിംഗ് കമ്മിറ്റി ടി വിഷയം പരിശോധിക്കുകയും പരാമർശം 3 പ്രകാരം എം ബി എ ഡിഗ്രി കോഴ്സിന്റെ (2017 അഡ്മിഷൻ) ഒന്നാം വർഷ ഓർഗനൈസേഷണൽ സ്റ്റഡിയുമായി ബന്ധപ്പെട്ടുള്ള റെഗുലേഷനിലെ clause 2.3 താഴെ പറയും പ്രകാരം മാറ്റം വരുത്തുവാൻ ശുപാർശ ചെയ്യാൻ തീരുമാനിയ്ക്കുകയുമുണ്ടായി

"The students are permitted to do their organisations study in reputed national or international business organisations which have functional departments like Production, Marketing, Finance, HR etc It is also resolved that more than one student can be permitted to do organisation study in a company, provided, they should do it in different units (SBUs) of a company, so that there will not be duplication in the study conducted by them."

ടി ശുപാർശ പരിഗണിച്ച വൈസ് ചാൻസിലർ ആയത് 1985 -ലെ മഹാത്മാഗാന്ധി സർവ്വകലാശാല നിയമം അധ്യായം III ,വകുപ്പ് 10 (17) പ്രകാരം അംഗീകരിച്ചു .

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു .

ജെസ്സി ജോൺ

അസിസ്റ്റന്റ് രജിസ്ട്രാർ 2 (അക്കാദമിക്)
രജിസ്ട്രാർക്ക് വേണ്ടി

പകർപ്പ്

1. വൈസ് ചാൻസിലറുടെ / പ്രൊ വൈസ് ചാൻസിലറുടെ പി.എസ് -മാർ
2. രജിസ്ട്രാറുടെ / പരീക്ഷ കൺട്രോളറുടെ പി.എ മാർ
3. ഡീൻ ,ഫാക്കൽറ്റി ഓഫ് മാനേജ്മെന്റ് സയൻസസ്
4. പ്രിൻസിപ്പാൾ ,അഫിലിയേറ്റഡ് കോളേജുകൾ
5. ജെ.ആർ /ഡി.ആർ /എ.ആർ (പരീക്ഷ /അക്കാദമിക് )
6. എ.സി.സി. I /II സെക്ഷനുകൾ
7. ഇ.ഐ 7 / 35 സെക്ഷനുകൾ
8. കണ്ടെന്റ് മാനേജ്മെന്റ് സെക്ഷൻ
9. റെക്കോർഡ് സെക്ഷൻ / ഫയൽ കോപ്പി /സ്റ്റോക്ക് ഫയൽ

മഹാത്മാഗാന്ധി സർവ്വകലാശാല, കോട്ടയം

Draft #3 of File ACAIV/2/MBA (RELAXATION IN REGULATION-2017 ADMISSION)/2019 Approved by ASSISTANT REGISTRAR II (ACADEMIC) on 19-Aug-2019 12:05 PM - Page 2